(സി) ഉണ്ട്.

(ഡി) കാർഷിക സർവ്വകലാശാലയും തിരുവനന്തപുരത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള എന്ന സ്ഥാപനവും കൂടിയാലോചിച്ച് ഒരു കരട് പദ്ധതി തയ്യാറാക്കി. പ്രസ്തുത പദ്ധതി സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിക്കുകയും, അഞ്ചുവർഷ കാലയളവിലേയ്ക്ക് ഭരണാനുമതി നൽകി കൊണ്ട് 20-3-2004-ൽ ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കൽപ്പിത സർവ്വകലാശാലയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കേരള കാർഷിക സർവ്വകലാശാലയോടും, ഐ.ഐ.ഐ.ടി.എം. കേരളയോടും നിർദ്ദേശിച്ചിരുക്കുകയാണ്. ഇതിനെ തുടർന്ന് കൽപ്പിത സർവ്വകലാശാലയുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാനേജ് ചെയ്യുന്നതിനുമായി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള മാനേജിംഗ് കൗൺസിലിന്റെ ആദ്യ യോഗം കൂടുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

കാർഷിക ബിരുദധാരികൾക്ക് തൊഴിൽ നൽകാൻ പദ്ധതി

90 [2957] ശ്രീ. എൻ ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ കാർഷിക ബിരുദധാരികൾക്ക് തൊഴിൽ നൽകുന്നതിന് സർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) കാർഷിക ബിരുദധാരികൾക്ക് തൊഴിൽ നൽകുന്നതിന് മാത്രമായി പുതുതായി പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ "കാർഷിക മേഖലയിൽ നൂതന സാങ്കേതിക സംരംഭങ്ങൾ" എന്ന പദ്ധതിയിൽ കാർഷിക ബിരുദധാരികൾക്ക് തൊഴിൽ ലഭിക്കുവാൻ സാധ്യതയുണ്ട്. ഈ പദ്ധതിയിൽ ഗ്രീൻഹൗസ് ഉപയോഗിച്ച് പുഷ്പ കൃഷി, ടിഷ്യുകൾച്ചർ, ജൈവകൃഷി, മണ്ണിര കമ്പോസ്റ്റ്, ജീവാണു വളങ്ങളുടേയും ജൈവ കീടനാശിനികളുടേയും ഉൽപ്പാദനം അഗ്രോ പ്രോസസിംഗ്, കൂൺകൃഷി തുടങ്ങിയ സംരംഭങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം ഒഴികെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 50 ശതമാനം ധനസഹായം (പരമാവധി 10 ലക്ഷം രൂപ) നൽകുന്നതാണ്. വിശദമായ പ്രപ്പോസലുകൾ സമർപ്പിച്ചാൽ യോഗ്യമായവയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും സബ്സിഡി നൽകുന്നതിനും കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly